(2) ദേശീയപാത നാലുവരിയാക്കുന്നതിനുള്ള നടപടികൾ

ശ്രീ. ആർ. സെൽവരാജ്: സർ, ദേശീയപാത 47 കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം നാലുവരിയാക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതിനും അതുപോലെതന്നെ പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ കാളിംഗ് അറ്റൻഷൻ ഞാൻ അവതരിപ്പിക്കുന്നത്. ദേശീയ പാത 47 കരമന മുതൽ കളിയിക്കാവിള വരെ ദുർഘടമായ അവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. വെറും 27 കി. മീ മാത്രം ദൂരമുള്ള ഈ പാതയിലൂടെയുള്ള സഞ്ചാരം വളരെ ദുർഘടാവസ്ഥയിലാണ്. 45 മിനിട്ടുകൊണ്ട് കളിയിക്കാവിളയിൽ നിന്ന് തിരുവനന്തപുരത്ത് എത്തേണ്ട സ്ഥാനത്ത് ഇന്ന് രണ്ട് മണിക്കൂറിലേറെ എടുത്താലും തിരുവനന്തപുരത്ത് എത്തിച്ചേരാൻ സാധിക്കാത്ത അവസ്ഥയാണ് യാത്രക്കാർക്ക് വന്നുചേർന്നിരിക്കുന്നത്. അമരവിള ടോൾഗേറ്റ്, ആറാലുംമൂട്, ബാലരാമപുരം, പ്രാവച്ചമ്പലം, നേമം, പാപ്പനംകോട്, കിള്ളിപ്പാലം എന്നിവിടങ്ങളിലെല്ലാം ഗതാഗത കുരുക്കുകളാണ്. യാത്രക്കാരുടെയും നാട്ടുകാരുടെയും വ്യാപാരി വ്യവസായി സമൂഹത്തിന്റെയും റസിഡന്റ്സ് അസോസിയേഷന്റേയും ബഹുജനങ്ങളുടെയുമൊക്കെ ചിരകാല അഭിലാഷമാണ് ഈ ഗതാഗത കുരുക്ക് ഒഴിവാക്കുക എന്നുള്ളത്. നേമം, കോവളം, നെയ്യാറ്റിൻകര, പാറശ്ശാല, തിരുവനന്തപുരം ഈസ്റ്റ് എന്നിവിടങ്ങളിലെ എം. എൽ. എ.- മാർ ഗവൺമെന്റിന്റേയും അതുപോലെതന്നെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും പൊതുമരാമത്ത് വകുപ്പുമന്ത്രിമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. അവസാനം ഈ ചർച്ചയിൽ ഒരു തീരുമാനമെടുക്കുകയുണ്ടായി. 30.2 മീറ്റർ വീതിയിൽ പാത വികസിപ്പിക്കുവാനും ആവശ്യമുള്ള സ്ഥലം എടുക്കുന്നതിനും തീരുമാനിച്ചു. അതിന്റെ സർവ്വെയും പൂർത്തിയായി. ഹാസ്ട്രാക്കിൽ സ്ഥലമെടുക്കുന്നതിന് നടപടിയാരംഭിച്ചു. ആവശ്യമായ തുക വകകൊള്ളിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തു. ഈ പാത വികസിപ്പിക്കുന്നതിന്റെ പ്രവർത്തനോദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ അതുപോലെതന്നെ ബഹുജനങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെടുകയും ചെയ്തു. സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചപ്പോൾ ചില മാഫിയ സംഘങ്ങൾ പ്രതിഷേധവുമായി രംഗത്തുവന്ന് നടപടികൾ തടസ്സപ്പെടുത്തി. ദേശീയപാത 47 വികസനം അട്ടിമറിക്കുന്നതിന് ചില സാമൂഹ്യവിരുദ്ധ ശക്തികളുടെയും സംഘടനകളുടെയുമൊക്കെ സഹായമുള്ളതായി വേണം കരുതാൻ. പാത നാലുവരിയാക്കാൻ വേണ്ടുന്ന സ്ഥലം സ്വകാര്യ ഉടമകളുടെ വക വളരെ കുറച്ച് മാത്രമേയുള്ളൂ. ബാക്കിയുള്ളത് മുഴുവനും സർക്കാർ ഭൂമി കയ്യേറിയിരിക്കുന്നതാണ്. പ്രധാന ജംഗ്ഷനുകളിലെല്ലാം സർക്കാർ പുറമ്പോക്ക് ഭൂമി കയ്യേറിയിട്ടുള്ളതായി കാണാം. ദേശീയ പാതവികസനത്തിന് സ്ഥലം വിട്ടുതരുന്നതിന് ഉടമസ്ഥരും വ്യാപാരി സമൂഹവും സന്നദ്ധരാണ്. ദുർഘടമായ കുരുക്കുകൾ സൃഷ്ടിക്കുന്ന അമരവിള ടോൾ ഗേറ്റ്,

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ടോൾ പിരിവ് വളരെ കാലമായി തുടരുകയാണ്. പുതിയ പാലത്തിലൂടെയും അതുപോലെതന്നെ പഴയ പാലത്തിലൂടെയും കടന്നുപോകുന്നതിന് ടോൾ കൊടുക്കേണ്ട അവസ്ഥയാണ് വന്നുചേർന്നിരിക്കുന്നത്. അപകടം പതിയിരിക്കുന്ന ഈ ടോൾ ഗേറ്റും അതുപോലെതന്നെ പിരിവും അവസാനിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെ അപകടം നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്ന ഉദിയൻകുളങ്ങര, പാരിക്കുഴി എന്നിവിടങ്ങളിലെ വളവുകൾ നേരെയാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ജംഗ്ഷനുകളിൽ ബസ്ബേ നിർമ്മാണം അടിയന്തരമായി നടത്തേണ്ടതുണ്ട്. തുടർന്ന് സ്ഥലമെടുപ്പും അതുപോലെ തന്നെ മറ്റ് പ്രവർത്തികളും അടിയന്തരമായി നിർവ്വഹിക്കപ്പെടുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, കരമന- കളിയിക്കാവിള ദേശീയ പാത, ദേശീയപാത 47-ൽ ഉൾപ്പെട്ട പഴയ പാതയാണ്. തിരുവനന്തപുരത്ത് ദേശീയ പാതയുടെ ബൈപ്പാസ് കഴക്കൂട്ടം മുതൽ വന്നതോടുകൂടിയാണ് കരമന-കളിയിക്കാവിള ദേശീയ പാത സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടിവന്നത്. ആ ദേശീയപാത ഗതാഗതക്കുരുക്ക് അങ്ങേയറ്റം അനുഭവിക്കുന്ന ഒരു റോഡാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കാരണം 30 കിലോമീറ്റർ സഞ്ചരിക്കാൻ രണ്ട് മണിക്കൂറിലേറെ സമയം എടുക്കുന്നു എന്നുള്ളതാണ് ഇന്നത്തെ സാഹചര്യം. കരമന - കളിയിക്കാവിള റോഡ് വികസിപ്പിക്കണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ട് 50 വർഷമായി. ഇതുവരെ അതിന് പരിഹാരമുണ്ടാക്കാൻ സാധിച്ചില്ല. ഈ സർക്കാരിന്റെ കാലത്താണ് അതിനുള്ള പദ്ധതി തയ്യാറാക്കിയത്. അതിന് ഏറ്റവും കൂടുതൽ നന്ദിപറയേണ്ടത് കേരളത്തിലെ ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിനോടാണ്. അദ്ദേഹമുൾപ്പെടെ ചേർന്നുകൊണ്ട് ജനപ്രതിനിധികളുടെ യോഗം വിളിച്ചാണ് ഈ 30 കിലോമീറ്റർ ദൈർഘ്യം വരുന്ന കരമന - കളിയിക്കാവിള റോഡ് 30 മീറ്റർ വീതിയിലാക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകി 640 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയത്. അതിന്റെ ഭാഗമായി 100 കോടി രൂപ ഈ വർഷം മാറ്റിവച്ചിട്ടുണ്ട്. 30.2 മീറ്റർ വീതിക്കുപുറമേ 16 ബസ്ബേകളും ഈ റോഡിന് ഉണ്ടായിരിക്കും. ഒന്നാംഘട്ടമായി കരമന മുതൽ വഴിമുക്ക് വരെയുള്ള 12 കിലോമീറ്റർ ഭാഗമാണ് വികസിപ്പിക്കുന്നത്. ഇതിനാവശ്യമായ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ ആയിക്കഴിഞ്ഞു. അതിന്റെ പ്രാരംഭനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തിയാണ് ഭൂമി ഏറ്റെടുക്കുന്നത്. അതുകൊണ്ട് ഏറ്റവും നല്ല നഷ്ടപരിഹാരം നൽകും. ഡിസ്ട്രിക്ട് ലാന്റ് പർച്ചേസ് കമ്മിറ്റി നെഗോഷ്യേറ്റ് ചെയ്ത് തീരുമാനിക്കുന്ന പ്രകാരമായിരിക്കും ഭൂമിയുടെ വില നിശ്ചയിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതുമൂലം നഷ്ടം സംഭവിക്കുന്നവർക്ക് സർവ്വകക്ഷിയോഗ തീരുമാനപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നഷ്ടപരിഹാരമായി നൽകുന്നതാണ്. കെട്ടിടങ്ങൾ നഷ്ടപ്പെടുന്നവർക്ക് പി.ഡബ്ല്യു.ഡി.യുടെ പുതിയ ഷെഡ്യൂൾ അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

തുകയോടൊപ്പം 25 ശതമാനം കൂടി അധികമായി നൽകും. പട്ടയം ഇല്ലാത്തവർക്കും വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്കും കച്ചവടസ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നതാണ്. ഈ രൂപത്തിൽ ജനങ്ങളുടെ സഹകരണത്തോടുകൂടിയാണ് നടത്തുന്നത്. ഇതിനെ അട്ടിമറിക്കാൻ ശ്രമിക്കുമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. പാലം വികസനം അട്ടിമറിക്കാൻ ആരേയും അനുവദിക്കില്ല. തിരുവനന്തപുരത്തിന്റെ ചിരകാല അഭിലാഷമായ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ സർക്കാരിന് ആവശ്യമാണ്.

ശ്രീ. ആർ. സെൽവരാജ്: സർ, വളരെ കുരുക്ക് സൃഷ്ടിക്കുന്ന, വളരെയേറെ പഴക്കംചെന്ന അമരവിള പാലം പുതിയതും പഴയതുമുണ്ട്. ഈ രണ്ട് പാലത്തിലൂടെയും പോകുന്നതിന് ടോൾ കൊടുക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് ഈ ടോൾ പിരിവ് അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വിജയകുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

ലോട്ടറി തട്ടിപ്പുകേസ് അട്ടിമറിച്ച സംഭവം

ശ്രീ. വി. ഡി. സതീശൻ: സർ, 2010 നവംബർ 29-ാം തീയതി ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഒരു കത്തെഴുതി. ആ കത്തിൽ പറഞ്ഞിരുന്നത് കഴിഞ്ഞ നാലുവർഷമായി സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി മാഫിയയുടെ ഭാഗമായി 80,000 കോടി രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ടെന്നും ഈ 80,000 കോടി രൂപ ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും അതുകൊണ്ട് സി.ബി.ഐ-യോ എൻ.ഐ.എ.യോ ഈ കേസ് അന്വേഷിക്കണമെന്നുമാണ്. ഇതിനുമറുപടിയായി കൃത്യം ഒരുമാസം കഴിഞ്ഞപ്പോൾ 29-12-2010-ന് കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി സംസ്ഥാന മുഖ്യമന്ത്രിക്ക് ഒരു കത്തയച്ചിരുന്നു. ആ കത്തിൽ സംസ്ഥാന ഗവൺമെന്റ് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സെപ്തംബർ 19-ാം തീയതി കത്തയച്ചതിനുശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആഭ്യന്തര മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം, വാണിജ്യ മന്ത്രാലയം, നിയമ മന്ത്രാലയം തുടങ്ങിയ പ്രധാനപ്പെട്ട നാല് മന്ത്രാലയങ്ങൾ ഇടപെട്ടുകൊണ്ട് ഭൂട്ടാൻ ലോട്ടറിയുടെ ക്രമക്കേടിന് പരിഹാരമുണ്ടാക്കുവാൻ വേണ്ടി അവർ നടത്തിയ ശ്രമങ്ങളെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിക്കുന്നു. ഈ കത്തിന്റെ അവസാനത്തെ പാരഗ്രാഫ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നതിന്റെ സാധ്യതകളെക്കുറിച്ചും അതിന്റെ ലീഗൽ പൊസിഷനെക്കുറിച്ചും ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly